<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5968</u> <u>09-11-2021 - ൽ മറുപടിയ്ക്ക്</u>

<u>മങ്കടയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് പഠനമുറി അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | അതാത് സാമ്പത്തിക വർഷങ്ങളിൽ ലഭിക്കുന്ന ടാർജറ്റ് പ്രകാരം മങ്കട മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ ലിസ്റ്റ് ലഭ്യമാക്കി ലിസ്റ്റിൽ നിന്നും ഭൗതിക ലക്ഷ്യം പ്രകാരം അർഹതയുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസിൽ സ്വീകരിച്ച് വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ച് നൽകുന്നതാണ് പഠനമുറി നിർമ്മാണ ധനസഹായം പദ്ധതി. ആയത് പ്രകാരം 2017-18 വർഷം മുതൽ 2021-22 വർഷം വരെ താഴെ പറയും പ്രകാരം 189 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷങ്ങളിൽ 189 അപേക്ഷകളാണ് ഓഫീസിൽ സ്വീകരിച്ചിട്ടുള്ളത്. വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ച പഠനമുറികളുടെ എണ്ണം തദ്ദേശ സ്വയം ഭരണ സ്ഥാപന വാർഷിക പദ്ധതി മുഖേന ധനസഹായം അനുവദിച്ച പഠനമുറികളുടെ എണ്ണം ആകെ 2017-18 38 0 38 2018-19 28 15 43 2019-20 34 9 43 2020-21 36 3 39 2021-22 26 0 26 ആകെ 162 27 189 |
| (ബി) | അർഹരായ എല്ലാവർക്കും പഠനമുറി നിർമ്മിച്ച് നൽകാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ; | (ബി) | ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഭൗതികലക്ഷ്യം നിശ്ചയിക്കുന്നതു പ്രകാരമുള്ള നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കാണ് അതാത് വർഷങ്ങളിൽ പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ച് നൽകുന്നത്. |
| (സി) | അർഹരായ എല്ലാവർക്കും അതത് പഞ്ചായത്തുകളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി | (സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ